**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 'കേരള അർബൻ കോൺക്ലേവ് - 2025 -എന്ന ആഗോള ഇവന്റ് സംഘടിപ്പിക്കുന്നതിലേയ്ക്ക് സംഘാടന ചെലവ് കണ്ടെത്തുന്നതിന്റെ ഭാഗമായി എല്ലാ കോർപ്പറേഷൻ, നഗരസഭകൾ തനതു/വികസന ഫണ്ട് വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയും കേരള അർബൻ കോൺക്ലേവിന്റെ ഭാഗമായി കൊച്ചി മറൈൻ ഡ്രൈവിൽ സെപ്റ്റംബർ 11, 12 & 13 തീയതികളിൽ പ്രദർശനം സംഘടിപ്പിക്കുന്നതിനും അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെട്ടവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.2161/2025/LSGD തീയതി,തിരുവനന്തപുരം, 01-09-2025

---

പരാമർശം:-

1. 26.06.2025 ലെ സ.ഉ.(സാധാ)1601/2025/തസ്വഭവ നമ്പർ ഉത്തരവ് .
2. 30.08.2025 ലെ സ.ഉ.(സാധാ)2152/2025/തസ്വഭവ നമ്പർ ഉത്തരവ് .
3. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 16.08.2025 ലെ LSGD/PD/11166/2025-DPLA1 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

അടിസ്ഥാന മേഖലകളുടെ വികസനത്തിന് ഊന്നൽ നൽകിയും ജനപങ്കാളിത്തം ഉറപ്പാക്കിയും പ്രകൃതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, നീർത്തടവികസനം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങി നിരവധി മേഖലളിൽ അത്ഭുതകരമായ മാറ്റങ്ങൾക്കു തദ്ദേശസ്ഥാപനങ്ങൾ നേതൃത്വം നൽകിവരുന്ന കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവവും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ട് അതീവ സങ്കീർണ്ണമായ നഗരവൽകരണ പ്രക്രിയയ്ക്ക് വിധേയമായതും, കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ശക്തമായി അനുഭവിക്കുന്നതുമായ നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാഴ്ചപാടിന് അനുസ്ത്രമായി ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് അടുത്ത 25 വർഷത്തെ വികസന പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം കേരളത്തിന്റെ നഗരവൽക്കരണവും സർക്കാരിന്റെ നഗരനയവും വിപുലമായ ചർച്ചയ്ക്കു വിധേയമാക്കുന്നതിന് കൊച്ചിയിൽ വച്ച് സെപ്റ്റംബർ 12 & 13 തീയതികളിൽ "കേരള അർബൻ കോൺക്ലേവ് 2025" സംഘടിപ്പിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള അർബൻ കോൺക്ലേവ്

2025 എന്ന ആഗോള ഇവന്റിന്റെ സുഗമമായ നടത്തിപ്പിന്റെ ആവശ്യത്തിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിലുള്ള UCO ബാങ്കിന്റെ കൊച്ചിൻ (0109) ബ്രാഞ്ചിലെ Account No. 01090110012758 IFSC Code - UCBA0000109 MICR Code - 682028002 ൽ കേരള അർബൻ കോൺക്ലേവ് 2025 ന്റെ ചിലവ് ഫണ്ട് നിക്ഷേപിക്കുന്നതിനു/സ്വീകരിക്കുന്നതിനു കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് അനുമതി നൽകിക്കൊണ്ടും പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ നിന്നും കേരള അർബൻ കോൺക്ലേവ് 2025 ന്റെ ആവശ്യത്തിനായി ഫണ്ട് ആവശ്യാനുസരണം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി വിനിയോഗിക്കുന്നതിനും കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

(2)കേരള അർബൻ കോൺക്ലേവ് 2025 വിജയകരമായി സംഘടിപ്പിക്കുന്നതിന് കേരളത്തിലെ എല്ലാ കോർപ്പറേഷൻ, നഗരസഭകളിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതിനു യഥേഷ്ടാനുമതി നൽകണമെന്നും ടി കോൺക്ലേവിന്റെ പ്രചരണാർത്ഥം കൊച്ചി മറൈൻ ഡ്രൈവിൽ സെപ്റ്റംബർ 11, 12 & 13 തീയതികളിൽ കേരള അർബൻ കോൺക്ലേവിന്റെ ഭാഗമായി പ്രദർശനം സംഘടിപ്പിക്കുന്നതിനും അനുമതി നൽകണമെന്നു പരാമർശം (3) പ്രകാരം, തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശിത ശിപാർശയുടെ അടിസ്ഥാനത്തിൽ, കേരള അർബൻ കോൺക്ലേവ് 2025 ന്റെ സംഘടനവുമായി ബന്ധപ്പെട്ട് ചുവടെ പരാമർശിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

(i) കേരള അർബൻ കോൺക്ലേവ് 2025 എന്ന ആഗോള ഇവന്റിന്റെ സംഘാടന ചെലവിലേക്കായി എല്ലാ കോർപ്പറേഷൻ, നഗരസഭകൾ തനതു/വികസന ഫണ്ട് വിനിയോഗിക്കുന്നതിനും കൂടാതെ ജിഡ (GIDA) നിന്നും ചുവടെ പട്ടികപ്പെടുത്തും പ്രകാരമുള്ള ഫണ്ട് വകയിരുത്തി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിലുള്ള UCO ബാങ്കിന്റെ കൊച്ചിൻ (0109) ബ്രാഞ്ചിലെ Account No. 01090110012758 IFSC Code - UCBA0000109 MICR Code - 682028002 -ൽ നിക്ഷേപിക്കുന്നതിനും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തരം | വിഹിതം (രൂപയിൽ ) |
|---|---|---|
| 1 | കോർപ്പറേഷൻ (കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഒഴികെ ) | 20 ലക്ഷം |
| 2 | ഗ്രേഡ് 1 മുൻസിപ്പാലിറ്റി | 5 ലക്ഷം |
| 3 | ഗ്രേഡ് 2 മുൻസിപ്പാലിറ്റി | 3 ലക്ഷം |
| 4 | ഗ്രേഡ് 3 മുൻസിപ്പാലിറ്റി | 2 ലക്ഷം |
| 5 | GIDA | 15 ലക്ഷം |

(ii) കേരള അർബൻ കോൺക്ലേവിന്റെ പ്രചരണാർത്ഥം, കേരളത്തിലെ എല്ലാ കോർപ്പറേഷൻ, നഗരസഭകളിലെ ഉത്തമമായി മാതൃകകൾ പ്രദർശിപ്പിക്കുന്നതിനു കൊച്ചി മറൈൻ ഡ്രൈവിൽ 11, 12, & 13 തീയതികളിൽ കേരള അർബൻ കോൺക്ലേവ് 2025 ന്റെ ഭാഗമായി പ്രദർശനം സംഘടിപ്പിക്കുന്നതിനും പ്രസ്തുത പ്രദർശനത്തിന് ആവശ്യമായി വരുന്ന ചെലവ് വഹിക്കുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി (GCDA)ക്ക് അനുമതി നൽകിയും പ്രദശർനത്തിൽ പങ്കെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രദശർനത്തിനായി പ്രത്യേകം തുക ഈടാക്കേണ്ടതില്ലെന്നും നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
സെക്രട്ടറി , GCDA, എറണാകുളം,
സെക്രട്ടറി , GIDA, എറണാകുളം,
സെക്രട്ടറി , കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ , എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2)കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 01-09-2025 17:48:59
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ പി എസിന് .
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എയ്ക്ക്.